## ശ്രദ്ധക്ഷണിക്കൽ

### നിയമനങ്ങൾ പി.എസ്.സി. ക്ക് വിടുന്നതിന് നിയമനിർമ്മാണം

ശ്രീ. സി. മമ്മൂട്ടി: സർ, സംസ്ഥാന സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെയും യൂണിവേഴ്സിറ്റികൾ ഉൾപ്പടെയുള്ള സ്ഥാപനങ്ങളിലെയും നിയമനങ്ങൾ പി.എസ്.സി. ക്ക് വിടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്ന വിഷയത്തിലേക്ക് അങ്ങയുടേയും സഭയുടേയും ശ്രദ്ധ ക്ഷണിക്കുകയാണ്. ഇതിനകം പി.എസ്.സി. ക്ക് വിട്ടിട്ടുള്ള 105 സ്ഥാപനങ്ങളിൽ 39 എണ്ണത്തിന് മാത്രമാണ് റൂൾസ് ഫ്രെയിം ചെയ്തിട്ടുള്ളത്. നിയമനം നടത്തുന്നതിനാവശ്യമായ ചട്ടങ്ങൾ ഇതുവരെയും ഉണ്ടാക്കാത്തതുകൊണ്ടുതന്നെ മറ്റ് സ്ഥാപനങ്ങളിൽ നിയമനം നടത്താൻ സാധിക്കാതെ പി.എസ്.സി. ക്ക് വിടാത്തതിന് തുല്യമായിരിക്കുകയാണ്. ഇതിന് 05–09–1986–ൽ 13770/ബി.പി./86 നമ്പർ സർക്കുലർ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിൽ നിന്ന് ഇറക്കി. എന്നാൽ 35 വർഷമായിട്ടും അത് സംബന്ധിച്ച് യാതൊരു റൂൾസും ഫ്രെയിം ചെയ്യാത്തതിനെത്തുടർന്ന് 2006–ലും 2007–ലും വീണ്ടും കത്തയച്ചു. പക്ഷെ ഏഴ് വർഷം കഴിഞ്ഞ്, 2014 ആയിട്ടും ഇതിനാവശ്യമായ റൂൾസ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. അതിനാൽ നിയമനങ്ങളിൽ തോന്നിയതുപോലുള്ള കാര്യങ്ങൾ നടക്കുകയുമാണ്. യുണിവേഴ്സിറ്റിയിലെ നിയമനങ്ങൾ യു.ഡി.എഫ്. ഗവൺമെന്റ് വന്ന കാലങ്ങളിലൊക്കെ പി.എസ്.സി. ക്ക് വിടാറുണ്ട്. കേരള യൂണിവേഴ്സിറ്റിയിൽ അടുത്ത കാലത്ത് നടന്ന നിയമനങ്ങളിൽ രാഷ്ട്രീയമായ സ്വാധീനം ഉപയോഗപ്പെടുത്തി, അധികാര ദുർവിനിയോഗം നടത്തിയതിന്റെ പേരിൽ ആ ലിസ്റ്റ് തന്നെ റദ്ദ് ചെയ്യാൻ ഈ ഗവൺമെന്റ് നടപടി സ്വീകരിക്കുകയുണ്ടായി.

ആയിരക്കണക്കിന് ഉദ്യോഗാർത്ഥികൾ പരീക്ഷയെഴുതി നിയമനത്തിനുവേണ്ടി കാത്തുനിൽക്കുമ്പോൾ, സ്വന്തം താൽപര്യത്തിനുവേണ്ടി വിനിയോഗിക്കപ്പെടുന്നത് തടയുന്നതിനായി നിയമനങ്ങൾ പി.എസ്.സി. ക്ക് വിടുകയും സുതാര്യമായി കാര്യങ്ങൾ നടപ്പാക്കുകയും ചെയ്യുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നിയമനങ്ങൾ പി.എസ്.സി. ക്ക് വിടാത്ത യൂണിവേഴ്സിറ്റികളും സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളും ഇനിയും ഒരുപാടുണ്ട്. ഈ സ്ഥാപനങ്ങളിലെ മുഴുവൻ നിയമനങ്ങളും പി.എസ്.സി. ക്ക് വിട്ടുകൊണ്ടുള്ള നടപടി ഉണ്ടായാൽ മാത്രമേ സാധാരണക്കാരായ എല്ലാ വിഭാഗം ആളുകൾക്കും പരീക്ഷകളിൽ പങ്കെടുക്കാനും നിയമിക്കപ്പെടുവാനുമുള്ള അവകാശം ലഭിക്കുകയുള്ളൂ. പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിനും പിന്നോക്ക വിഭാഗങ്ങൾക്കുമുൾപ്പടെയുള്ള സംവരണതത്വം പാലിക്കാൻ അത് അനിവാര്യമായിരിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിലും പല നിയമനങ്ങളും നടക്കുന്നുണ്ട്. ചില സ്ഥാപനങ്ങളിൽ മാനേജരുടെ തസ്തികയിൽ നേരിട്ടാണ് നിയമനം നടത്തുന്നത്. പല സ്ഥാപനങ്ങളിലും കമ്പനി സെക്രട്ടറി നിയമനം പോലും ആയിട്ടില്ല. അതിന് യാതൊരു നടപടിയുമില്ല. പലതിലും താൽക്കാലികമായി കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുകയും പിന്നീട് അത് സ്ഥിരപ്പെടുത്തുകയുമാണ്. അതിനാൽ സ്വാഭാവികമായും അർഹതപ്പെട്ട ആളുകൾക്ക് നിയമനം ലഭിക്കാതെ പോകുകയാണ്. സ്വാഭാവികമായും രാഷ്ട്രീയ പ്രേരിതമായാണ് ഇത്തരം നിയമനങ്ങൾ നടക്കുന്നത്. കഴിഞ്ഞ കാലങ്ങളിലെ നിയമനങ്ങൾ പരിശോധിച്ചാൽ, ഒരു കഴിവും ഇല്ലാത്ത ആളുകളെ നിയമിക്കുകയും സംവരണമോ സുതാര്യതയോ പാലിക്കുകയോ ചെയ്തിട്ടില്ലെന്നും വ്യക്തമാകും. ഇതിൽ ഏറ്റവും പ്രധാനമായ വിഷയം, നിയമനം പി.എസ്.സി. ക്ക് വിട്ട

സ്ഥാപനങ്ങളിൽപോലും 36 വർഷമായിട്ടും റൂൾസ് ഫ്രെയിം ചെയ്യാൻ സാധിക്കാത്തതാണ്. അതിനായി മാറി മാറി വരുന്ന ഗവൺമെന്റുകൾ നിരന്തരം സർക്കുലർ അയച്ചുകൊണ്ടിരിക്കുകയാണെങ്കിലും എവിടെയും അത് പാലിക്കപ്പെടുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് മൂന്ന് മാസത്തെ പരിധി നിശ്ചയിച്ചുകൊണ്ട് സമയബന്ധിതമായി റൂൾസ് ഫ്രെയിം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകണമെന്നും, കേരള യൂണിവേഴ്സിറ്റിയുടെ ഏറ്റവും ഒടുവിലത്തെ നിയമനങ്ങളിൽവന്ന തിരിമറികളും അധികാര ദുർവിനിയോഗങ്ങളും ഒരു പാഠമായി കണ്ടുകൊണ്ട്, നിയമനങ്ങൾ ഇനിയും പി.എസ്.സി. ക്ക് വിടാത്ത യൂണിവേഴ്സിറ്റികൾ, സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. ക്ക് വിട്ടുകൊണ്ടുള്ള നടപടി ഉണ്ടാകണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സി. മമ്മൂട്ടി പറഞ്ഞത് വളരെ പ്രാധാന്യമർഹിക്കുന്നൊരു പ്രശ്നമാണ്. ഗവൺമെന്റ്/അർദ്ധഗവൺമെന്റ് സ്ഥാപനങ്ങളെല്ലാം നിയമനങ്ങൾ പി. എസ്. സി–യ്ക്ക് വിടണമെന്നും, പി.എസ്.സി.–ക്ക് വിട്ട സ്ഥാപനങ്ങളിലെ നിയമനം പി. എസ്. സി. വഴിയാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ് ഈ ശ്രദ്ധ ക്ഷണിക്കൽ നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ളത്. നിയമനങ്ങൾ പി. എസ്. സി–യ്ക്ക് വിട്ടുകൊണ്ടുള്ള തീരുമാനങ്ങളെടുക്കുകയും അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും റൂൾസ് ഉണ്ടാക്കാത്തതിന്റെ പേരിൽ പല സ്ഥലങ്ങളിലെയും നിയമനങ്ങൾ പി.എസ്.സി വഴി നടത്താൻ സാധിച്ചിട്ടില്ല. ഇപ്പോൾത്തന്നെ പി. എസ്.

സി-യ്ക്ക് വിടുന്ന സ്ഥാപനങ്ങളിലെ വർക്കർ കാറ്റഗറിയിൽപ്പെടുന്ന തസ്തിക കളിലേയും 9000 രൂപയിൽ കൂടുതൽ അടിസ്ഥാന ശമ്പളമുള്ള തസ്തിക ളിലേയും നിയമനങ്ങൾ പി. എസ്. സി-യുടെ പരിധിയിൽ വരുന്നില്ല. പി.എ സ്.സിയുടെ പരിധിയിൽ വരുന്ന തസ്തികകളിലെ നിയമനങ്ങൾ പോലും റൂൾസില്ലാത്തതിനാൽ  നടപ്പിലാകുന്നില്ലെന്ന് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് ശരിയാണ്. ഭൂരിപക്ഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമന ങ്ങളും പി.എസ്.സി-യുടെ പരിധിയിൽ വന്നിട്ടുണ്ടെങ്കിലും നിയമന ചട്ടങ്ങ ളുടെ അഭാവം മൂലം ചില പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ കമ്മീഷന് ഏറ്റെടുക്കാൻ കഴിയാതെ വന്നിട്ടുണ്ട്. നിയമന ചട്ടങ്ങൾ രൂപീകരി ച്ചിട്ടില്ലാത്ത എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും സമയബന്ധിതമായി ചട്ട ങ്ങൾ രൂപീകരിക്കണമെന്നും അതിന്റെയടിസ്ഥാനത്തിൽ നിയമനങ്ങൾ പി. എസ്. സി-യുടെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മേലധികാ രികളോട് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ട് 18-12-2010-ലെ ഗവൺമെന്റ് ഓർഡർ പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചി ട്ടുണ്ട്. പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിന് കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ സർവ്വകലാശാലകളെ സംബന്ധിക്കുന്ന കൂടുതൽ ചുമതലകൾ ആക്ട് എന്ന പേരിൽ ഒരു പ്രത്യേക നിയമനിർമ്മാണം ആവശ്യമാണ്. ഇതിനാ യുള്ള ബിൽ നിയമസഭയുടെ പരിഗണനയിലാണ്. കൂടാതെ ബന്ധപ്പെട്ട സർവ്വകലാശാലകളുടെ ആക്ടുകളിലും ഭേദഗതി വരുത്തേണ്ടതുണ്ട്. ഏറ്റവും

വേഗത്തിൽ ഇത് പ്രായോഗിക തലത്തിൽ കൊണ്ടുവരുന്നതിനുള്ള നിർദ്ദേശങ്ങൾ കൊടുക്കുന്നതാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, ഇത് നിരന്തരം ഗവൺമെന്റ് ആവശ്യപ്പെടുന്ന ഒരു വിഷയമാണ്. മൂന്നുമാസത്തെ സമയപരിധി നിശ്ചയിച്ചുകൊണ്ട്, സമയബന്ധിതമായി നിയമനചട്ടങ്ങളുണ്ടാക്കുന്നതിനും ഇനിയും പി.എസ്.സി.ക്ക് വിടാത്ത സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി-ക്ക് വിടുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അക്കാര്യത്തിൽ പ്രത്യേകമായ നിർദ്ദേശം കൊടുക്കും. ചട്ടങ്ങളുണ്ടാക്കുന്നതിൽ വന്നിട്ടുള്ള കാലതാമസം ന്യായീകരണമില്ലാത്തതാണ്. അതുപോലുള്ള കാലതാമസമാണ് വന്നിട്ടുള്ളത്. എത്രയും വേഗം ചട്ടങ്ങളുണ്ടാക്കണമെന്ന് വീണ്ടും നിർദ്ദേശം നൽകുന്നതാണ്. പി.എസ്.സി-ക്ക് വിട്ടിട്ടില്ലാത്ത സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.-യുടെ പരിധിയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള നടപടികളും ത്വരിതപ്പെടുത്തും.

## തൊഴിലുറപ്പു പദ്ധതി

ശ്രീ. കെ. വി. വിജയദാസ്: സർ, മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതിയുടെ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കണമെന്നും അതോടൊപ്പം കൂലി വർദ്ധനവ് ആവശ്യപ്പെട്ടുകൊണ്ടുമാണ് ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം ഞാനിവിടെ അവതരിപ്പിക്കുന്നത്. ഗ്രാമീണ കുടുംബങ്ങളിലെ ഓരോ അംഗങ്ങൾക്കും 100 ദിവസം തൊഴിലുറപ്പ് നൽകുന്നതിനായാണ് 2005 സെപ്റ്റംബർ 5-ാം തീയതി ഗ്രാമീണതൊഴിലുറപ്പു പദ്ധതി നിയമം പാസ്സാക്കിയത്. തീർത്തും ദുർബലവും അപര്യാപ്തവുമായ നിയമങ്ങളാണ് കേന്ദ്ര ഗവൺമെന്റ് ആദ്യം ഇതിനായി

വച്ചിരുന്നത്. ഇടതുപക്ഷ പാർട്ടികളും മറ്റും പാർലമെന്റിനകത്തും പുറത്തും നടത്തിയ പോരാട്ടങ്ങൾക്കുശേഷമാണ് ഈ വിധത്തിലുള്ള നിയമമുണ്ടായത്. കേരളത്തിൽ തൊഴിലുറപ്പു പദ്ധതി വിപുലീകരിക്കുന്നതിനുള്ള നടപടികളാണ് എൽ. ഡി. എഫ്. സർക്കാർ ചെയ്തത്. തൊഴിലുറപ്പ് പദ്ധതിയിൽ 14 ദിവസത്തിനകം കൂലി കൊടുത്തിരിക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. സംസ്ഥാനത്ത് ഇപ്പോഴും തൊഴിലാളികൾക്ക് കൂലി കുടിശ്ശികയുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. തെരഞ്ഞെടുപ്പിനു മുമ്പ് പഞ്ചായത്തുകളോട് കൂലി കൊടുക്കാൻ പറഞ്ഞിരുന്നു. പിന്നീട് കേന്ദ്രഗവൺമെന്റിൽനിന്ന് പണം ലഭിച്ചിട്ടും കൂലി നൽകുന്നില്ലെന്നത് സത്യമാണ്. 2009–10 വർഷത്തിൽ 54 ദിവസം ഗവൺമെന്റ് തൊഴിൽ നൽകിയിരുന്നു. അത് 2011–12–ൽ 43 ദിവസമായും 2012–13–ൽ 36 ദിവസമായും ചുരുങ്ങി. തൊഴിലുറപ്പു നിയമത്തിന്റെ പട്ടിക 1–ലാണ് തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ചിട്ടുള്ളത്. പട്ടിക 1–ലെ പ്രത്യേക ഇളവുകളാണ് കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകൾ ഏടുത്തുകളഞ്ഞിട്ടുള്ളത്. പഞ്ചായത്ത്, പി. ഡബ്ല്യു.ഡി., നാഷണൽ ഹൈവേ റോഡുകളിൽ ഓട നിർമ്മിക്കൽ, കാടുവെട്ടൽ, അതുപോലെതന്നെ റോഡ് അറ്റകുറ്റ പ്പണികൾ, തോടുകളുടെ ആഴം വർദ്ധിപ്പിക്കൽ, മാലിന്യം നീക്കം ചെയ്യൽ എന്നീ ജോലികൾ ഇനി തൊഴിലുറപ്പ് പദ്ധതി പ്രകാരം ചെയ്യാൻ പറ്റില്ല. ഇതിനുപുറമെ കാർഷിക മേഖലയെ പൂർണ്ണമായും ഒഴിവാക്കിയിരിക്കുകയാണ്. പുല്ല് ചെത്തൽ, കല്ല് വാരൽ എന്നിവ പൂർണ്ണമായും ഇല്ലാതാക്കി. കുളം നന്നാക്കൽ, ജലസംരക്ഷണ പദ്ധതികൾ, വെള്ളപ്പൊക്കം തടയൽ, വനവൽക്കരണം എന്നിവയും ഇനി തൊഴിലുറപ്പു പദ്ധതിയിൽ ചെയ്യാൻ പറ്റില്ല, ഈ മേഖലയിലാണ്

സംസ്ഥാനത്ത് എറ്റവും കൂടുതൽ തൊഴിൽ ദിനങ്ങളുള്ളത്. പട്ടികജാതി/പട്ടിക വർഗ്ഗക്കാർ, നാടോടികളായ ഗിരിവർഗ്ഗക്കാർ, ബി. പി. എൽ. കുടുംബാംഗ ങ്ങൾ, വികലാംഗരായ ഗൃഹനാഥകൾ, ഭൂപരിഷ്ക്കരണത്തിൽ ഭൂമി ലഭിച്ചവർ, ഐ.എ.വൈ. ഗുണഭോക്താക്കൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലും പുരയിടത്തിലും തൊഴിൽ ചെയ്യുന്നതിന് ആദ്യ പരിഗണന നൽകണമെന്നാണ് പുതിയ നിയമത്തിൽ അനുശാസിക്കുന്നത്. ഇവർക്ക് നാമമാത്രമായ ഭൂമി യാണുള്ളതെന്നതും ഈ ഭൂമിയിൽ 100 ദിവസം തൊഴിൽ അസാധ്യമാ ണെന്നതും വളരെ സുവ്യക്തമാണ്. സംസ്ഥാനത്ത് തൊഴിലുറപ്പുമായി ബന്ധ പ്പെട്ടുകൊണ്ടുള്ള പണമിടപാട് നടക്കുന്നത് പൂർണ്ണമായും ദേശസാൽകൃത ബാങ്കുകൾ മുഖേനയാണ്. ദേശസാൽകൃത ബാങ്കുകളിലെ ഡിജിറ്റൽ സിഗ്നേ ച്ചർ സംവിധാനം തകരാറിലായതിനാൽ ഗ്രാമീണ മേഖലയിലെ പണവിത രണം ഇപ്പോൾ അനിശ്ചിതത്വത്തിലാണ്. ഒരേ സമയം ഇടപാടുകൾ നടക്കു മ്പോൾ ഡിജിറ്റൽ സിഗ്നേച്ചർ സംവിധാനത്തിന്റെ വേഗത കുറയുകയും തക രാറിലാകുകയും ചെയ്യുന്നുണ്ട്. തത്ഫലമായി കൂലി വൈകുന്നത് സാധാരണ യായിട്ടുണ്ട്. ബീഹാർ കഴിഞ്ഞാൽ തൊഴിലുറപ്പിൽ ഏറ്റവും കൂടുതൽ കൂലി കുടിശ്ശിക വരുത്തിയത് കേരളമാണെന്നാണ് കഴിഞ്ഞ 2 മാസം മുമ്പു വരെയുള്ള അവസ്ഥ. കാലതാമസം വരുത്തിയതിന്റെ കാരണം സംബന്ധിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ സംസ്ഥാന ഗവൺമെന്റിന് നോട്ടീസ് അയയ്ക്കുകപോലുമുണ്ടായി. തൊഴിലുറപ്പ് പദ്ധതിയിൽ ഏർപ്പെട്ടവർക്ക് ആഴ്ചയിലൊരിക്കൽ വേതനം നൽകണം, സാങ്കേതിക തടസ്സമുണ്ടെങ്കിൽ 14 ദിവസത്തിനകം നൽകണമെന്നാണ് നിയമം അനുശാസിക്കുന്നത്. വേതനം നൽകുന്നതിൽ വീഴ്ച വരുത്തിയാൽ പിഴപ്പലിശ ഈടാക്കി നൽകണമെന്നും

നിയമ വ്യവസ്ഥയിലുണ്ട്. പക്ഷെ, ഇതൊന്നും ഇവിടെ നടപ്പിലാകുന്നില്ലെന്നു ള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അതോടൊപ്പംതന്നെ കേരളത്തിൽ നഗരസഭകൾ കേന്ദ്രീകരിച്ചുകൊണ്ട് അയ്യങ്കാളി തൊഴിലുറപ്പു പദ്ധതിയുമുണ്ട്. ആ പദ്ധതിയും ഇന്ന് കാര്യക്ഷമമായി നടക്കുന്നില്ല എന്നതുകൂടി വളരെ ഗൗരവമായി കാണണം. പഞ്ചായത്തായാലും ഗവൺമെന്റായാലും സാങ്കേതിക വശങ്ങൾ പരിശോധിച്ച് അതിവേഗം തൊഴിലാളികളുടെ വേതന കുടിശ്ശിക കൊടുത്തു തീർക്കാനുള്ള നടപടി സ്വീകരിക്കുക, മിനിമം കൂലി ഇപ്പോൾ 212 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്, അത് 320 രൂപയായി വർദ്ധിപ്പിക്കുക, തൊഴിൽ ദിനങ്ങൾ വെട്ടിക്കുറയ്ക്കാനുള്ള തീരുമാനം പിൻവലിക്കുക, തൊഴിൽ ദിനങ്ങൾ 200 ആയി വർദ്ധിപ്പിക്കുക, കാർഷിക മേഖലയിലെ ജോലികൾ, ക്ഷീരവികസന മേഖല തുടങ്ങിയവ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി തൊഴിൽ മേഖലകൾ വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, തൊഴിലുറപ്പു പദ്ധതിയെ സംബന്ധിച്ച് തൊഴിലാളികൾക്കിടയിലുള്ള ആശങ്കയകറ്റുന്നതിനുവേണ്ടിയുള്ള ശക്തമായ നടപടികൾ സ്വീകരിക്കുക തുടങ്ങിയ ആവശ്യങ്ങളാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ ഉന്നയിക്കുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി: (ശ്രീ. കെ.സി. ജോസഫ്): സർ, ബഹുമാനപ്പെട്ട അംഗത്തോടുള്ള എല്ലാ ആദരവുകളോടുംകൂടി പറയട്ടെ, അദ്ദേഹം ഇവിടെ ഉന്നയിച്ച പല കണക്കുകളും വസ്തുതാപരമല്ല. കഴിഞ്ഞ മൂന്ന് വർഷക്കാലത്തിനിടയിൽ ഏറ്റവും ഫലമുണ്ടായ മേഖലയാണ് മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ്

പദ്ധതി. കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് റെക്കോർഡ് മാറ്റം ഇതിലുണ്ടായി. അങ്ങയുടെ അറിവിനായി പറയുകയാണ്, 2010–11–ൽ ഈ പദ്ധതിയുടെ ആകെ ചെലവ് 701.12 കോടി രൂപയും 2013–14–ൽ 1740.12 കോടി രൂപയുമായിരുന്നു. രണ്ടര ഇരട്ടി മാറ്റം ഈ മൂന്ന് വർഷംകൊണ്ടുണ്ടായി. 2010–11–ൽ തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം 11.85 ലക്ഷം, ഇപ്പോൾ 17.84 ലക്ഷം. 2010–11–ൽ ആകെയുണ്ടായ തൊഴിൽദിനങ്ങൾ 493 ലക്ഷം, 2013–14–ൽ 865 ലക്ഷം – ഇതാണ് യഥാർത്ഥമായ കണക്ക്. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ, കഴിഞ്ഞ സാമ്പത്തികവർഷം അവസാനം വേതനം കൊടുക്കുവാൻ താമസമുണ്ടായി. 1762 കോടി രൂപയാണ് കഴിഞ്ഞ സാമ്പത്തികവർഷം കേന്ദ്രത്തിൽനിന്ന് ലഭിക്കേണ്ടിയിരുന്നത്. എന്നാൽ കേന്ദ്രം നൽകിയത് 1302 കോടി രൂപയാണ്. 450 കോടി രൂപ കുറഞ്ഞുപോയതുകൊണ്ട് വേതനം നൽകുന്നതിൽ അല്പം താമസമുണ്ടായി. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ നോൺ റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്ന് 100 കോടി രൂപ വായ്പയെടുത്ത് പ്രസ്തുത കുടിശ്ശിക കൊടുക്കാൻ വേണ്ട നടപടി സ്വീകരിച്ചു. 2014–15–ൽ കേന്ദ്ര ഗവൺമെന്റിൽനിന്ന് 487.47 കോടി രൂപയും, സംസ്ഥാനവിഹിതമായി 23.51 കോടി രൂപയും അനുവദിച്ചു. കുടിശ്ശിക കൊടുക്കാൻ സാങ്കേതികമായി പണത്തിന്റെ ദൗർലഭ്യമില്ല. ചില പഞ്ചായത്തുകളിൽ നിന്ന് ബന്ധപ്പെട്ട രേഖകൾ ലഭിക്കാത്തതുകൊണ്ട് താമസമുണ്ടാകുന്നുണ്ട്. അത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു കാര്യം അങ്ങ് മനസ്സിലാക്കേണ്ടത്, 2013–14 സാമ്പത്തികവർഷം 875.57 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ വേണ്ട നിർദ്ദേശങ്ങൾ കൊടുത്തു. ലക്ഷ്യമിട്ടിരുന്ന 875.57 ലക്ഷം തൊഴിൽദിനങ്ങളിൽ 865.94 ലക്ഷം തൊഴിൽദിനങ്ങൾ (99 ശതമാനം) സൃഷ്ടിച്ചു. ഓരോ കുടുംബത്തിനും ശരാശരി 57 ദിവസം തൊഴിൽ നൽകി.

നേരത്തേ കൊടുത്തിരുന്നത് 42 ദിവസമായിരുന്നു, അത് വർദ്ധിപ്പിച്ചു. ഈ രംഗത്ത് വലിയ മാറ്റമുണ്ടായിട്ടുണ്ട്. ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ സിസ്റ്റം ഏർപ്പെടുത്തിയതിന്റെ ഫലമായി എല്ലാ തൊഴിലാളികൾക്കും അവരുടെ അക്കൗണ്ടിൽ പണം കിട്ടും. കേരളത്തിൽ അതിനായി ചുമതലപ്പെടുത്തിയിരുന്നത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയെ ആയിരുന്നു. പണം ട്രാൻസ്ഫർ ചെയ്യാൻ താമസം നേരിട്ടപ്പോൾ ഇപ്പോൾ 3 ലീഡ് ബാങ്കുകൾക്കായി അതിന്റെ ചുമതല വിഭജിച്ചു നൽകി. കാനറാ ബാങ്കിന് ഉത്തരമേഖല (കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം), സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന് മദ്ധ്യമേഖല (എറണാകുളം, തൃശ്ശൂർ, ഇടുക്കി, പാലക്കാട്), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയ്ക്ക് ദക്ഷിണമേഖല (കോട്ടയം, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം) എന്നിങ്ങനെയാണ് ചുമതലപ്പെടുത്തിയത്. ഇങ്ങനെ ഈ മൂന്നു ബാങ്കുകളെ ഏർപ്പെടുത്തിയതിനാൽ ഈ വിഷയം പരിഹരിക്കുവാൻ സാധിക്കും. തൊഴിലുറപ്പ് പദ്ധതിയിൽ വലിയ മാറ്റമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞതുപോലെ ചില ആശങ്കകളുണ്ട്. കാരണം പുതിയ ഗവൺമെന്റിന്റെ സമീപനമെന്തായിരിക്കും, ഇതു തുടരുമോ എന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് ആശങ്കയുണ്ട്. കഴിഞ്ഞ യു.പി.എ ഗവൺമെന്റിന്റെ ഒരു ഫ്ളാഗ് ഷിപ്പ് പ്രോഗ്രാം ആണ് തൊഴിലുറപ്പ് പദ്ധതി. ബഹുമാനപ്പെട്ട അംഗം ചില അവകാശവാദങ്ങൾ ഇവിടെ ഉന്നയിച്ചു, ഞാൻ അതൊന്നും വിസ്മരിക്കുന്നില്ല. യു. പി.എ ഗവൺമെന്റിന്റെ ഈ ഫ്ളാഗ് ഷിപ്പ് പ്രോഗ്രാമിന് ഒരു മാറ്റവുമുണ്ടാകാൻ പാടില്ലെന്നു മാത്രമല്ല, ഈ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ഫലപ്രദമാക്കുന്ന കാര്യത്തിൽ എന്തെങ്കിലും വീഴ്ച വരുത്തിയാൽ അതിനെതിരെ നമുക്ക് യോജിച്ച് പോരാടാമെന്നറിയിക്കുകയാണ്.

ശ്രീ. കെ.വി. വിജയദാസ്: സർ, തൊഴിലുറപ്പ് പദ്ധതിയിൽനിന്ന് കാർഷികമേഖല, ക്ഷീരവികസന മേഖല, നീർത്തടാധിഷ്ഠിത മേഖല എന്നിവയെ ഒഴിവാക്കിയിരിക്കുന്നുവെന്നാണ് പറയുന്നത്. ഇത്തരം പദ്ധതികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് തൊഴിൽ ദിനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ; കൂലി 320 രൂപയായി വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ.സി. ജോസഫ്: സർ, കൂലി വർദ്ധിപ്പിക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്, ഇത് പൂർണമായും കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയാണ്. പക്ഷെ, ഇൻഡ്യയിൽ ഏറ്റവും കൂടുതൽ കൂലി കൊടുക്കുന്നത് കേരളത്തിലാണ്. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ, നേരത്തേതന്നെ ക്ഷീര മേഖലയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല, ഉൾപ്പെടുത്തണമെന്നതാണ് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട്. കാർഷികമേഖലയെ ഒഴിവാക്കിയിട്ടില്ല. ഗ്രാമീണ ജനതയുടെ അതിജീവനോപാധികൾ (livelyhood means) വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള ഈടുറ്റ ആസ്തികൾ, അതായത് ജലസേചന കുളം, ജലസേചന തോട്, മണ്ണ്/ജല സംരക്ഷണത്തിനുള്ള ബണ്ട്, കയ്യാല, ഗ്രാമീണ റോഡ് ഇവ നിർമ്മിക്കാനുള്ള പ്രവർത്തികൾ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കാർഷികമേഖലയിൽ മുകളിൽ പറഞ്ഞ ഈടുറ്റ ആസ്തികൾ ഈ പദ്ധതിപ്രകാരം സൃഷ്ടിക്കുന്നത് തീർച്ചയായും ഉത്പാദനത്തിനു സഹായകരമാകും. പരിമിത നാമമാത്ര കർഷകർക്കുകൂടി ഇതിന്റെ പ്രയോജനം ലഭിക്കണമെന്നതാണ് സംസ്ഥാന ഗവൺമെന്റിന്റെ ലക്ഷ്യം.